ഉത്തരം

(എ) ഇല്ല. ഇതിലേയ്ക്കായുള്ള രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി യുള്ള ചർച്ച നടന്നുവരുന്നു.

(ബി) ഇൻഡസ്ട്രിയൽ റിലേഷൻ ബോർഡിൽ ചർച്ചചെയ്ത് അന്തിമരൂപം ആയതിനുശേഷം എല്ലാ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി തൊഴിലാളിനയത്തിന് അന്തിമരൂപം കൊടുക്കുന്നതാണ്.

88 (484) കയറ്റിറക്ക് കൂലി പരസ്യപ്പെടുത്താൻ നടപടി

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറ്റിറക്ക് തൊഴിലാളികൾക്ക് സാധനങ്ങൾ കയറ്റാനും ഇറക്കാനും നിശ്ചയിച്ചിരിക്കുന്ന കൂലി പൊതുജനങ്ങളുടെ അറിവിലേക്ക് പത്രങ്ങളിൽ പരസ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തൊഴിലാളികൾ അന്യായമായി കൂലി ആവശ്യപ്പെട്ടാൽ പോലീസ് ഇടപെട്ട് സർക്കാർ നിശ്ചയിച്ചിരിക്കുന്ന കൂലി നൽകി പ്രശ്നം തീർക്കാൻ പോലീസിന് ചുമതലയുണ്ടോ;

(സി) വാടക വീട്ടിലേക്കും മറ്റും മാറി താമസിക്കുന്ന സാധാരണക്കാരോട് തൊഴിലാളികൾ അന്യായമായ കൂലി ആവശ്യപ്പെടുന്നതുകൊണ്ട് സാധനങ്ങൾ കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ നിയന്ത്രണം വരുത്തി ജനങ്ങളുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് സാധനങ്ങൾ കയറ്റാനും ഇറക്കാനും നിശ്ചയിച്ചിരിക്കുന്ന കൂലി വിവരം കേരള സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യാറുണ്ട്. പത്രങ്ങളിൽ കൂലി പരസ്യപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) തൊഴിലാളി അന്യായമായി കൂലി ആവശ്യപ്പെട്ടാൽ പോലീസിന് ഇടപെടുവാൻ കേരള ചുമട്ടുതൊഴിലാളി നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ ഈ വിവരം സംബന്ധിച്ച് ക്രമസമാധാനം ഇല്ലാതായാൽ പോലീസ് ഇടപെടാറുണ്ട്.

(സി) ഉണ്ട്.

(ഡി) പരിഹാരം ഉണ്ടാക്കുന്നതിന് ശ്രമിക്കുന്നതാണ്.

89 (485) തൊഴിൽമേഖലയിലെ തർക്കങ്ങൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ലോനപ്പൻ നമ്പാടൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ആരോഗ്യകരമായ പ്രവർത്തന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ബി) തൊഴിൽമേഖലയിൽ ഉണ്ടാകുന്ന തർക്കങ്ങൾക്ക് യഥാസമയം തീർപ്പുകൽപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തൊഴിൽമേഖലയിലെ തർക്കങ്ങൾ യഥാസമയം പരിഹരിക്കാൻ ആർബിട്രേഷൻ ബോർഡ് രൂപീകരിക്കേണ്ടതിന്റെ ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വ്യവസായശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ആരോഗ്യകരമായ പ്രവർത്തനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുംവേണ്ടിയാണ് വിവിധ തൊഴിൽനിയമങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാവിധ തൊഴിലാളികൾക്കും പ്രസ്തുത നിയമങ്ങളുടെ സമ്പൂർണ്ണ പരിരക്ഷ ലഭിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾക്ക് യഥാസമയം തീർപ്പു കൽപ്പിക്കുന്നതിലേക്കായി തൊഴിൽവകുപ്പിലെ വിവിധ തരത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻമാർ അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കപ്പെടാൻ കഴിയാത്ത തർക്കങ്ങൾ വ്യവസായ തർക്ക ട്രൈബ്യൂണലിന്റെയോ തൊഴിൽ കോടതിയുടേയോ തീർപ്പിനു വിടാറുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ വ്യവസായ തർക്ക നിയമത്തിലെ 10-ബി(1) പ്രകാരം ട്രേഡ് യൂണിയനുകളും മുതലാളിയും സമ്മതിച്ചാൽ തൊഴിൽ തർക്കങ്ങൾ ആർബിട്രേറ്ററുടെ തീരുമാനത്തിന് വിടാനും വ്യവസ്ഥയുണ്ട്.

(സി)&(ഡി) (ബി)യുടെ വെളിച്ചത്തിൽ തൊഴിൽമേഖലയിലെ തർക്കങ്ങൾ യഥാസമയം പരിഹരിക്കാൻ ആർബിട്രേഷൻ ബോർഡ് രൂപീകരിക്കേണ്ടതിന്റെ ആവശ്യമുണ്ടെന്ന് ഇപ്പോൾ കരുതുന്നില്ല.

(ഇ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വ്യവസായശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുള്ള പദ്ധതികൾ ഒന്നും നിലവിലില്ല.